കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

# www.lfa.kerala.gov.in

## തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്
## 2015-16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ
**e-mail:ddhglfalpy@gmail.com**

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ട സഹിതം)

നം.കെ.എസ്.എ-എ.എൽ.പി/പി9-1563/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

ഫോൺ – 0477 2252753

ഇ-മെയിൽ : ddhglfalpy@gmail.com

തീയതി: 13.01.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത്- 2015-16 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

********************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ
3. കാര്യാലയ പകർപ്പ്

നം കെ.എസ്.എ-എ.എൽ.പി/പി9-1563/16 തീയതി: 13.01.2017

## ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ഭരണവും സാമ്പത്തിക നിയന്ത്രണങ്ങളും സംബന്ധിച്ച കാര്യങ്ങളും ധനകാര്യപത്രികയും ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.04.2015 മുതൽ 31.03.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 13 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിന് പോലും മറുപടി ലഭിച്ചിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.
സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | സി.വൈ. സലിം, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 23.12.2016 മുതൽ 30.12.2016 വരെ | ശ്രീ. രാജീവ് ആർ, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ.) |
| | ശ്രീ.കെ.ജി. രാജേഷ് , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. പ്രവീൺ ഷേണായി ജെ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. രഞ്ജു പ്രകാശ്, ഓഡിറ്റർ |

നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീ. കൃഷ്ണൻ നായർ | 01.04.2015 മുതൽ 31.10.2015 വരെ |
| 2 | അഡ്മിനിസ്ട്രേറ്റീവ് കമ്മറ്റി | 01.11.2015 മുതൽ 18.11.2015 വരെ |
| 3 | ശ്രീമതി. ശാന്തമ്മ പ്രകാശ് | 19.11.2015 മുതൽ 31.03.2016 വരെ |

2.സെക്രട്ടറി

| ക്രമ നം. | പേര് | കാലയളവ് |
|---|---|---|
| 1 | ശ്രീമതി. വി. ലതികാ ദേവി | 01.04.2015 മുതൽ 31.03.2016 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | |
|---|---|---|
| ധനകാര്യം | ശ്രീമതി.ഡോറാമ്മ ജോസഫ് | 01.04.2015 - 31.10.2015 |

| | | |
|---|---|---|
| | ശ്രീമതി.അമ്പിളി തിലകൻ | 12.11.2015 - 31.03.2016 |
| വികസനകാര്യം | ശ്രീ. ജോസഫ് മണ്ണഞ്ചേരി | 01.04.2015 - 31.10.2015 |
| | ശ്രീമതി. ശശികല.കെ.പി | 12.11.2015 - 31.03.2016 |
| ക്ഷേമകാര്യം | ശ്രീമതി. വിജയമ്മ ലാലു | 01.04.2015 - 31.10.2015 |
| | ശ്രീ.പുഷ്കരൻ.കെ.ആർ. | 12.11.2015 - 31.03.2016 |
| ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ. പുഷ്പാഗംദൻ | 01.04.2015 - 31.10.2015 |
| | ശ്രീമതി.വിജയകുമാരി | 12.11.2015 - 31.03.2016 |

4.<u>മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ</u>

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി. സിന്ധു.എം | 1.04.2015മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.കൃഷ്ണകുമാർ.ജി | 1.04.2015മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വത്സലാമ്മ | 1.04.2015മുതൽ 03.09.2015 വരെ |
| | ശ്രീമതി.ശോഭന | 26.12.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അമ്പിളി | 1.04.2015മുതൽ 31.03.2016 വരെ |
| സബ്ബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | ശ്രീ.അനുരാജ് | 1.04.2015മുതൽ 31.03.2016 വരെ |
| ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. | ശ്രീമതി.ശ്രീകുമാരി അമ്മ.കെ.എസ് | 1.04.2015മുതൽ 31.03.2016 വരെ |
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി.ഷിബി മോൾ ഫ്രാൻസിസ് | 1.04.2015മുതൽ 18.06.2015 വരെ |
| | ശ്രീമതി.നിഷ | 19.06.2015മുതൽ 12.08.2015 വരെ |
| | ശ്രീ.സുഭാഷ് കുമാർ | 13.08.2015മുതൽ 31.03.2016 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.മഹേഷ്.പി | 1.04.2015മുതൽ 31.03.2016 വരെ |
| | ശ്രീ.രജീഷ്.ടി.എസ് | 1.04.2015മുതൽ 31.03.2016 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.രശ്മി മാനുവൽ | 1.04.2015മുതൽ 31.03.2016 വരെ |
| അസി.സെക്രട്ടറി | ശ്രീ.ക്ലീറ്റസ്.ഇ | 1.04.2015മുതൽ 17.08.2015 വരെ |
| | ശ്രീ.പി.ആർ.സജി | 21.08.2015മുതൽ 31.03.2016 വരെ |

## ഉള്ളടക്കം


| ക്രമ നം. | ഭാഗം- 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1മുതൽ 1-11വരെ |
| | ഭാഗം- 2 | |
| 2 | വാടക കുടിശ്ശിക ഈടാക്കുന്നില്ല – വരുമാന നഷ്ടം | 2-1 |
| 3 | തൊഴിൽ നികുതി അപാകത | 2-2 |
| 4 | ഡി ആന്റ് ഒ ലൈസൻസ് അപാകത | 2-3 |
| 5 | മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല | 2-4 |
| | ഭാഗം - 3 | |
| 6 | തെരുവ് വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ അധിക നിരക്ക് നൽകുന്നു | 3-1 |
| 7 | മീഡിയാശ്രീ- വീഡിയോ ഡോക്യുമെന്റേഷൻ പകർപ്പുകൾ നാളിതുവരെയും ലഭ്യമാക്കിയില്ല- കരാർ ലംഘനം | 3-2 |
| 8 | മതിയായ രേഖകൾ ഇല്ലാതെ തുക നൽകി | 3-3 |
| 9 | എസ്.എസ്.എ. വിഹിതം നൽകൽ – പദ്ധതി-ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല | 3-4 |
| 10 | ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിക്ക് ആദായ നികുതി ഈടാക്കിയില്ല | 3-5 |
| 11 | കുട്ടച്ചിറ-മണ്ണേഴത്ത് റോഡ് ടാറിംഗ്-അധിക അളവിന് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല | 3-6 |
| 12 | മഹാത്മാഗാന്ധി-ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി – അവലോകനം | 3-7 |
| | ഭാഗം-4 | |
| 13 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1മുതൽ 4-10വരെ |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 28.03.2015 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| ഇനം | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 12,39,23,000 | 120563670 |
| വാർഷിക കണക്ക് പ്രകാരം | 5,19,94,058 | 4,44,70,704 |

പ്രതീക്ഷിത വരവ്-ചെലവ്കണക്കുകളും വാർഷിക കണക്കുകളും തമ്മിൽ ഭീമമായ അന്തരം നില നിൽക്കുന്നു. ബജറ്റ് തയാറാക്കുമ്പോൾ യാഥാർത്ഥ്യ ബോധത്തോടെ തയാറാക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2015-16 | 31.07.16 | 30.7.16 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

ഓഡിറ്റ് സർട്ടിഫിക്കറ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 22485160 |
| വരവ് | 29508898 |
| ആകെ | 51994058 |
| ചെലവ് | 44470704 |
| നീക്കിയിരിപ്പ് | 7523354 |

## 1-5 ഫണ്ട് വിനിയോഗം

| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 |
|---|---|---|---|---|---|---|---|---|---|
| ഫണ്ടിനം | മുന്നിരിപ്പ് | റ്റി.സി. ചെയ്തു ലഭിച്ച തുക | തൻവർഷ അലോട്ട്മെന്റ് | അലോട്ട് മെന്റിൽ നിന്നും പിൻവലിച്ച തുക | ആകെ (2)+(3)+(5) | ചെലവ് | റ്റി.സി. ചെയ്തു നൽകിയ തുക | സർക്കാരി ലേയ്ക്ക് തിരിച്ചടച്ച തുക | നീക്കിയിരിപ്പ് |
| വികസനഫണ്ട് ജനറൽ | 2049834 | 7413012 | 8926979 | 1346607 | 10809453 | 10695453 | | 114000 | - |
| വികസനഫണ്ട് എസ്. സി.പി | 2235569 | | 416000 | 2950893 | 5186462 | 3092433 | 2094029 | | - |
| വികസനഫണ്ട് ടി.എസ്.പി | 13000 | | 95300 | 60000 | 73000 | 60000 | 13000 | | - |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1696764 | | 3654537 | 5167130 | 6863894 | 4628535 | 2235359 | | - |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| പെർഫോമൻസ് ഗ്രാന്റ് (ലോക ബാങ്ക് ധനസഹായം) | 3070624 | | | 3070624 | 6141248 | 3070624 | 3070624 | | - |
| സംരക്ഷണ ഗ്രാന്റ് -നോൺ റോഡ് | 1838233 | | 2480000 | 1223151 | 3061384 | 3061384 | | | - |
| സംരക്ഷണ ഗ്രാന്റ് - റോഡ് | 358892 | | 1725000 | 1680934 | 2039826 | 2039826 | | | - |
| ബി- ഫണ്ട് | | | | 18900060 | 18900060 | 18900060 | | | - |
| എം.ജി. എൻ.ആർ ഇ.ജി.എസ്. | 68853 | | | 14295058 | 14363911 | 14363911 | | | 11807 |

## 1-6 പദ്ധതി അവലോകനം.

വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ചത്- ശതമാനം |
|---|---|---|---|---|---|---|
| 129 | 6,70,51,550 | 77 | 3,29,79,528 | 22 | 30 | 63.11 |

## 1-7 തനത് വരുമാനം

മുൻ വർഷത്തേക്കാൾ സ്ഥാപനത്തിന് 2015-16 സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 32.48 ശതമാനം കുറവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 3239775 | 1585953 | (-)1653822 | (-)51.05 |
| നികുതിയേതര വരവുകൾ | 1118243 | 1544231 | 425988 | (+)38.09 |
| മറ്റ് വരവുകൾ | 352077 | 50094 | (-)301983 | (-)85.77 |
| ആകെ | 4710095 | 3180278 | (-)1529817 | (-)32.48 |

നികുതി പിരിവ് ഊർജ്ജിതമാക്കാൻ ശ്രമിക്കേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 934080 | 725 |
| കർഷകതൊഴിലാളി പെൻഷൻ | 4895520 | 573 |
| വിധവാപെൻഷൻ | 6313360 | 608 |
| പെൻഷൻ-അവിവാഹിത | 643840 | 61 |
| വാർദ്ധക്യകാലപെൻഷൻ | 3705120 | 693 |
| വികലാംഗപെൻഷൻ | 2408140 | 215 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 28.12.2016 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 4,911/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തുകളിൽ ആഭ്യന്തര നിയന്ത്രണവും ഭരണ നിർവ്വഹണവും കാര്യക്ഷമമാക്കുന്നതിനായി തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 02.7.2009ലെ ജി.ഒ(എം.എസ്)23/09 നമ്പർ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം പ്രവർത്തിക്കുന്നുണ്ട്. കെട്ടിട നികുതി ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ സൂക്ഷിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിച്ചിട്ടില്ല. തൊഴിൽ നികുതി കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ തയാറാക്കി സൂക്ഷിക്കുന്നില്ല. സ്റ്റോക്ക് രജിസ്റ്ററുകളിൽ സാധനങ്ങളുടെ വില, സ്പെസിഫിക്കേഷൻ എന്നിവ കൃത്യമായി രേഖപ്പെടുത്തുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്ററിൽ സംഗ്രഹം രേഖപ്പെടുത്തുന്നില്ല. ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ പോരായ്മയാണ് ഇത് സൂചിപ്പിക്കുന്നത്. ആഭ്യന്തര നിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23.12.2016 | 11/2016 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 22.11.2006 | 2005/06 | 22.01.2007 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുടിശ്ശിക ഈടാക്കുന്നില്ല - വരുമാന നഷ്ടം

2015-16 വർഷത്തെ വാടക ഡിമാന്റ് രജിസ്റ്റർ പരിശോധിച്ചതിൽ, പഞ്ചായത്ത് വക ഷോപ്പിംഗ് കോംപ്ലക്സിലെ 2ാം നമ്പർ കടമുറി ദിനേശൻ, ആര്യന്തറ 882/-രൂപ നിരക്കിൽ മാസവാടകയ്ക്ക് എടുത്തിട്ടുള്ളതാണ്. ടിയാൻ ഓഡിറ്റ് വർഷം 10,584/-രൂപ ഒടുക്കേണ്ടതുണ്ട്. എന്നാൽ, വാടകയിനത്തിൽ നാളിതുവരെ തുകയൊന്നും ഒടുക്കിയിട്ടില്ല.

കൂടാതെ, ഇതേ കെട്ടിടത്തിലെ 5ാം നമ്പർ മുറി 882/-രൂപ മാസവാടക നിരക്കിൽ കബീർ.എം.എസ്, കണ്ണാട്ടുവെളി എന്ന വ്യക്തി ആണ് എടുത്തിട്ടുള്ളത്. ടിയാൻ ഓഡിറ്റ് വർഷം 10,584/-രൂപ ഒടുക്കേണ്ടതുണ്ട്. എന്നാൽ, വാടകയിനത്തിൽ 4410/-രൂപ മാത്രമാണ് ഒടുക്കിയിട്ടുള്ളത്.

ടി വിവരം ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.3) മറുപടി ലഭ്യമാക്കിയിട്ടില്ല. ഖണ്ഡിക പ്രകാരമുള്ള നഷ്ടത്തുക (16,758/-+പലിശ) വാടക ഉടമകളിൽ നിന്നും ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം, ടി തുക ഉത്തരവാദിയായ സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകത

a)തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനത്തിലെ ജീവനക്കാരൻ 2015-16 ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി ഒടുക്കിയിട്ടില്ല.

| സ്ഥാപനം | പേര്,തസ്തിക | അർദ്ധ വാർഷിക വരുമാനം | തൊഴിൽ നികുതി |
|---|---|---|---|
| പോസ്റ്റ് ഓഫീസ് പൂച്ചാക്കൽ | മധു കെ., പോസ്റ്റ്മാൻ | 125628 | 1250 |

തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

b) തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന ജീവനക്കാരിൽ നിന്നും 2015-16 II അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് കാണുന്നു.

| സ്ഥാപനം | പേര്,തസ്തിക | ആറ് മാസത്തെ വരുമാനം | ഈടാക്കിയ തൊഴിൽ നികുതി | ഈടാക്കേണ്ട തൊഴിൽ നികുതി | കുറവ് | രസീത് നമ്പർ,തീയതി |
|---|---|---|---|---|---|---|
| പോസ്റ്റ് ഓഫീസ്,മണപ്പുറം | സുകുമാരിയമ്മ, ജി.ഡി.എസ്.എം.ഡി. | 75170 | 600 | 750 | 150 | 11501102439, 29/02/16 |
| സെന്റ് മേരി ഓഫ് ലറൂക്കാ സ്കൂൾ, തൈക്കാട്ടുശ്ശേരി | വന്ദന.പി,ടീച്ചർ | 67980 | 450 | 600 | 150 | 11501102484, 02/03/16 |

തുക പഞ്ചായത്ത് ഫണ്ടിലേക്ക് അടവാക്കേണ്ടതാണ്.

## 2-3 ഡി.ആന്റ്.ഓ ലൈസൻസ് അപാകത

ഡി.ആന്റ്.ഓ. ലൈസൻസ് അപേക്ഷകൾ പരിശോധിച്ചതിൽ അവ നമ്പരിട്ട് സൂക്ഷിക്കുന്നില്ലായെന്നും, വാർഡ് ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ടില്ല എന്നും കാണുന്നു. ഉദാഹരണം താഴെ ചേർക്കുന്നു.

| പേര്,മേൽവിലാസം | സ്ഥാപന തരം | വാർഡ് നമ്പർ |
|---|---|---|
| പി.എൻ.ശശി, പൊന്നാടിയിൽ, തൈക്കാട്ടുശ്ശേരി | സ്റ്റേഷനറി | XI/193 |
| സോമൻ പിള്ള, ഇന്ദ്രധനസ്സ്, പൂച്ചാക്കൽ | പലചരക്ക് | IV/288 |
| ദേവിക ഉണ്ണികൃഷ്ണൻ, കണ്ണാട്ട് | റെഡിമെയ്ഡ് | III/116 |
| പി.കെ.വിജയൻ, പടിഞ്ഞാറെ വെളിയിൽ | പലചരക്ക് | IX/355 |

ന്യൂനത ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകൾക്ക് വസ്തുനികുതി ഈടാക്കുന്നില്ല

നിലവിൽ പഞ്ചായത്ത് അതിർത്തിയിൽ അഞ്ച് മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നതായി ഭൗതിക പരിശോധനയിൽ (2014-15 ഓഡിറ്റ് റിപ്പോർട്ട്) ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മൊബൈൽ ടവറുകൾക്ക് 14.01.2011 ലെ സർക്കാർ ഉത്തരവ് നം.19/2011 തസ്വഭവ പ്രകാരം തറ വിസ്തീർണ്ണാടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്. 2014-15 ഓഡിറ്റ് റിപ്പോർട്ടിലും മൊബൈൽ ടവറുകളെ സംബന്ധിച്ച് ഇതേ പരാമർശം ഉണ്ട്. നികുതി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 തെരുവു വിളക്ക് വൈദ്യുത ചാർജ്ജ് ഇനത്തിൽ അധിക നിരക്ക് നൽകുന്നു

KSEB ഇലക്ട്രിക്കൽ സെക്ഷൻ, പൂച്ചാക്കൽ ഓഫീസിലെ 29.11.14 ലെ നം. ബി.ബി./സ്ട്രീറ്റ് ലൈററ് 14-15/102 പ്രകാരം പഞ്ചായത്തിലെ തെരുവ് വിളക്കുകളുടെ താരിഫ് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഇത് പ്രകാരം 40 വാട്ടിന്റെ 220 ബൾബിന് 13,420 രൂപയും, 60 വാട്ടിന്റെ 72 ബൾബിന് 6768 രൂപയുമാണ്. പഞ്ചായത്തിൽ നിലവിൽ ഇത്തരം ബൾബുകൾ നിലവിൽ ഉണ്ടോ എന്ന് വ്യക്തമാക്കേണ്ടതാണെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.8,തീയതി-29.12.16) മറുപടി ലഭിച്ചിട്ടില്ല. ആയതിനാൽ, നിലവിലുള്ള സാധാരണ ബൾബുകൾക്ക് പകരം കുറഞ്ഞ വൈദ്യുതി മാത്രം ആവശ്യം വരുന്ന സി.എഫ്.എൽ, എൽ.ഇ.ഡി.ലാമ്പുകൾ ഉപയോഗിക്കാവുന്നതും തന്മൂലം വൈദ്യുത ചാർജ്ജ് കുറയ്ക്കുവാനുള്ള നടപടികൾ സ്വീകരിക്കാവുന്നതുമാണ്.

## 3-2 മീഡിയാശ്രീ-വീഡിയോ ഡോക്യുമെന്റേഷൻ പകർപ്പുകൾ ലഭ്യമാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ ചരിത്രം, വർത്തമാനം, വികസന പ്രവർത്തനം, മറ്റു പ്രസക്ത വിവരങ്ങൾ എന്നിവയെ ആധാരമാക്കിയുള്ള വീഡിയോ ഡോക്യുമെന്റേഷൻ നിർമ്മിക്കുന്നതിനായി കുടുംബശ്രീ സംസ്ഥാന മിഷനു തുക നൽകുന്നതിനായുള്ള പ്രോജക്ടാണിത്.

വിശദാംശം ചുവടെ ചേർക്കുന്നു.

പ്രോ. നം. : 75/16(മീഡിയാശ്രീ)

അടങ്കൽ : 65,000/-(വി.ഫ.)

ചെലവ്: 65,000/-(ഡി.ഡി. നം. 263145/15.07.15- SBT Tsy)

പഞ്ചായത്ത് സെക്രട്ടറിയും കുടംബശ്രീ ആലപ്പുഴ ജില്ലാ മിഷൻ കോ-ഓർഡിനേറ്ററും 15.07.2015-ൽ ഒപ്പിട്ട കരാറിലെ വ്യവസ്ഥകൾ പ്രകാരം വീഡിയോ ഡോക്യുമെന്റേഷന്റെ 10 പകർപ്പുകൾ 60 ദിവസത്തിനകം പഞ്ചായത്തിന് കൈമാറണമെന്നുണ്ട്. ഷൂട്ടിംഗ് തുടങ്ങിയ ജോലികൾ പൂർത്തീകരിച്ചുവെങ്കിലും പകർപ്പുകൾ നാളിതുവരെയും ലഭ്യമായിട്ടില്ലെന്നും ആയത് ലഭ്യമാകുന്ന മുറയ്ക്ക് ഓഡിറ്റിന് വിവരം സമർപ്പിക്കുന്നതാണെന്നും 10/29.12.16-ാം നമ്പർ ഓഡിറ്റ് അന്വേഷണത്തിന് മറുപടി നൽകുകയുണ്ടായി. പകർപ്പുകൾ ലഭ്യമാകാത്ത സാഹചര്യത്തിൽ പ്രോജക്ടിനായി ചെലവഴിച്ച തുക തടസ്സത്തിൽ വെയ്ക്കുന്നു.

## 3-3 മതിയായ രേഖകൾ ഇല്ലാതെ തുക നല്കി

1). ഭൂരഹിത പട്ടികജാതിക്കാർക്ക് വാസ സ്ഥലം വാങ്ങൽ (പ്രോജക്ട് നം-77/2016)

അടങ്കൽ തുക-3,00,000

ചെലവ് തുക-3,00,000 (ബിൽ നം.187/2015-16,തീയതി-30.03.16)

അസിസ്റ്റന്റ് സെക്രട്ടറി 2015-16 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കിയ ഭൂരഹിത പട്ടികജാതിക്കാർക്ക് വാസ സ്ഥലം വാങ്ങൽ (പ്രോജക്ട് നം-77/2016) എന്ന പദ്ധതിയിലെ 2ഗുണഭോക്താക്കൾക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായമായി 1,50,000രൂപ വീതം നൽകിയിട്ടുണ്ട്. ടി അപേക്ഷകൾ പരിശോധിച്ചതിൽ, മിനി, ചാലുനികർത്ത് എന്ന വ്യക്തിയുടെ അപേക്ഷയോടൊപ്പം ഹാജരാക്കിയിരിക്കുന്ന വില്ലേജ് ഓഫീസർ നല്കിയ സാക്ഷ്യപത്രത്തിൽ, ടിയാരിക്കോ ഭർത്താവിനോ തൈക്കാട്ടുശ്ശേരി വില്ലേജിൽ ഭൂമിയില്ല എന്നു മാത്രമാണ് സാക്ഷ്യപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ടിയാളിന് കുടുംബം വകയായി അവകാശം ഉള്ള ഭൂമിയുടെ ഭാഗ വിവരം ചേർത്തിട്ടില്ല.

ടി അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, മതിയായ രേഖകൾ ഇല്ലാതെ ചെലവഴിച്ച തുക(1,50,000/-രൂപ) ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2). പട്ടിക ജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും (പ്രോജക്ട് നം-53/2016)

അടങ്കൽ തുക-2,40,569(എസ്.സി.പി)

ചെലവ് തുക-2,00,000(ബിൽ നം.228/2015-16,തീയതി-31.03.16)

ടി പദ്ധതി പ്രകാരം 50 വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ചതിൽ മിനാവ്.എം.കെ (S/o മണിക്കുട്ടൻ, വേലൻവെളി, മണപ്പുറം) എന്ന കുട്ടിയുടെ പിതാവിന്റെ വരുമാന സർട്ടിഫിക്കറ്റ്, റേഷൻ കാർഡിന്റെ പകർപ്പ് എന്നിവ ലഭ്യമാക്കിയിട്ടില്ല.

ടി അപാകത ചൂണ്ടിക്കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.4) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ, ടി ഗുണഭോക്താവിന് നല്കിയ ഫർണീച്ചറിന്റെ വിലയായ 4,000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്.എസ്.എ. വിഹിതം നല്കൽ- പദ്ധതി -ചെലവ് രേഖകൾ ലഭ്യമാക്കിയിട്ടില്ല

പദ്ധതി നം.-46/14

പദ്ധതിയുടെ പേര് -എസ്.എസ്.എ. വിഹിതം നല്കൽ

അടങ്കൽ തുക-3,00,000

ചെലവ് തുക-3,00,000

ബിൽ നം./തീയതി-2/2015-16/18.12.2015

2015-16വർഷം പ്രധാനാധ്യാപിക നിർവഹണം നടത്തിയ എസ്.എസ്.എ. വിഹിതം നല്കൽ എന്ന പദ്ധതിയ്ക്കായി പിൻവലിച്ച 3,00,000/- രൂപ 18.12.2015 ൽ ജില്ലാ പ്രോജക്ട് ഓഫീസർ, എസ്.എസ്.എ, ആലപ്പുഴയ്ക്ക് ഡി.ഡി.ആയി അയച്ചിട്ടുണ്ട്. എന്നാൽ, ടി തുകയുടെ കൈപ്പറ്റ് വിവരം, വിനിയോഗ വിവരം എന്നിവ ലഭ്യമല്ല. വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം.9) മറുപടി ലഭ്യമാക്കിയിട്ടില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തിയ്ക്ക് ആദായ നികുതി ഈടാക്കിയില്ല

2015-16 ൽ നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ പ്രോജക്ട് ഫയലുകൾ പരിശോധിച്ചതിൽ ഗുണഭോക്തൃ സമിതികൾ മുഖേന നടപ്പിലാക്കിയ താഴെ കൊടുത്തിരിക്കുന്ന പ്രവൃത്തിയിൽ നിന്നും ആദായ നികുതി ഈടാക്കിയിട്ടില്ല.
പ്രോജക്ട് നം. 147/16
കരിമാക്കൽ പുത്തൻപുരയ്ക്കൽ റോഡ് മെറ്റലിംഗ്
അടങ്കൽ- 3 ലക്ഷം
ചെലവ്- 296004/-(ബിൽ നം. 29/15-16 തീ: 31.03.16)
എം. ബുക്ക് നം. 183/14-15(പേജ് നം. 17)
പ്രവൃത്തിമൂല്യം – 279249/-
വാറ്റ്- 13962/-
നിർമ്മാണത്തൊഴിലാളി ക്ഷേമനിധി വിഹിതം- 2793/-
കൺവീനർക്ക് നൽകിയ തുക- 279249/- (ഡി.ഡി. നംў503059/07.04.16)
ഇൻകം ടാക്സ് ആക്ട് 194C പ്രകാരം 30000 രൂപയിൽ അധികം വരുന്ന ഒറ്റ പേയ്മെന്റുകൾക്കും ഒരു വർഷത്തിൽ 75000 രൂപയിൽ അധികം വരുന്ന പേയ്മെന്റുകൾക്കും വ്യക്തികളിൽ നിന്നും ഒരു ശതമാനവും മറ്റുള്ളവരിൽ നിന്നും രണ്ട് ശതമാനവും നികുതി ഉറവിടത്തിൽ തന്നെ ഈടാക്കേണ്ടതാണ്. എന്നാൽ ഗുണഭോക്തൃ സമിതികൾ മുഖാന്തിരം നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളിൽ നിന്നും ഇപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദീകരണം ആരാഞ്ഞു നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (2/28.12.16) മറുപടി ലഭ്യമാക്കിയില്ല.
ആദായ നികുതി 1% തുക 2792/- രൂപ ഈടാക്കി ആദായ നികുതി ഹെഡിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-6 കുട്ടച്ചിറ-മണ്ണേഴത്ത് റോഡ് ടാറിംഗ്-അധിക അളവിന് തുക അനുവദിച്ചത് അംഗീകരിക്കുന്നില്ല

കുട്ടച്ചിറ-മണ്ണേഴത്ത് റോഡ് 200 മീറ്റർ നീളത്തിലും 3 മീറ്റർ വീതിയിലും മെറ്റൽ ചെയ്ത് ടാറിംഗ് നടത്തുന്നതിനായാണ് പ്രോജക്ട് തയാറാക്കിയിരിക്കുന്നത്. എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള റോഡിന്റെ പുറം മെറ്റൽ ചെയ്ത് ടാറിംഗ് നടത്താനാണ് ഉദ്ദേശിച്ചിരിക്കുന്നത്. ടി പ്രവൃത്തിയുടെ നിരക്ക് 2014-ഡെൽഹി ഷെഡ്യൂൾ ഓഫ് റേറ്റ് പ്രകാരമാണ്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

പ്രോജക്ട് നം. 127/16 (പ്രോ. നം. 86/17)

അടങ്കൽ: 900000(വി.ഫ)

ചെലവ്: 807506/- ( 2015-16ലെ ചെലവ്- 277738/- ബിൽ നം.30/15-16/31.03.16)

2016-17-ലെ ചെലവ്- 529768/-

{ 1) ഡി. ഡി. നം. 503956/02.11.16-515224/-

2) ബിൽ നം. 01/16-17/ 20.12.16- 12990/-

3) ബിൽ നം. 02/16-17/20.12.16 – 1554/-}

കരാർ നം.23/AE/TSY/15-16/08.07.15
അളവ് പുസ്തകം- 26/14-15
പ്രവൃത്തി മൂല്യം – 879636/-
ടെണ്ടർ കിഴിവ്( 8.2%)- 72130/-
ആകെ- 807506/-
നികുതികൾ, മറ്റു കിഴിവുകൾ-48450/- (VAT 32300 + KCWWF 8075+ IT 8075)
കരാറുകാരന് നൽകിയ തുക – 759056/-

മെറ്റലിംഗ് ചെയ്ത മുഴുവൻ പ്രതലത്തിലും ടാറിംഗ് (എസ്റ്റിമേറ്റിനം -10,11,12- യഥാക്രമം ടാക്ക് കോട്ട്, പ്രീ മിക്സ് കാർപ്പറ്റ് സർഫസിംഗ്, സീൽ കോട്ട് എന്നിവ) നടത്തിയിട്ടുള്ളതായി 29.12.2016-ലെ ഭൗതീക പരിശോധനയിൽ ബോധ്യപ്പെട്ടു. ആയതിനാൽ 621എം$^2$ വിസ്തീർണ്ണത്തിൽ ടാറിംഗ് പ്രവൃത്തികൾ നടത്തിയ വിസ്തീർണ്ണം മാത്രമേ സബ് ബേസ് കോഴ്സ്, ബേസ് കോഴ്സ് എന്നീ മെറ്റലിംഗ് പ്രവൃത്തികളുടെ വിസ്തീർണ്ണമായി പരിഗണിക്കുവാൻ സാധിക്കൂ. ടാറിംഗ് 621എം$^2$ ചെയ്തിട്ടുണ്ടെങ്കിലും ആയത് എസ്റ്റിമേറ്റ് ക്വാണ്ടിറ്റിയായ 600 m$^2$ -ൽ നിജപ്പെടുത്തിയാണ് തുക നല്കിയിട്ടുള്ളത്. (എം. ബുക്ക് നം. 26/14-15 പുറം- 39,40,41).

സി.പി.ഡബ്ല്യു.ഡി. സ്പെസിഫിക്കേഷൻ 16.7.2 പ്രകാരം coarse aggregate(63-45 mm-Grading 2-Type-B, screening material(Type 2) and binding material എന്നിവയുടെ ആവശ്യമായ അളവ് പട്ടിക 16.13-ൽ പ്രതിപാദിച്ചിട്ടുണ്ട്.

സബ് ബേസ് കോഴ്സ്, ബേസ് കോഴ്സ് മെറ്റലിംഗ് പ്രവൃത്തികളുടെ യഥാർത്ഥ പ്രതലവിസ്തീർണ്ണമായ 621എം$^2$ പ്രകാരമുള്ള മൂല്യ നിർണ്ണയം നടത്തി തുക അനുവദിക്കേണ്ടതിനു പകരം എസ്റ്റിമേറ്റ് പ്രകാരമുള്ള മൂല്യ നിർണ്ണയം നടത്തിയതു മൂലം കരാറുകാരന് അധിക തുക നൽകാനിടയായി. വിശദാംശം താഴെ കൊടുക്കുന്നു.

| എസ്റ്റി.ഇനം | വിശദാംശം | അനുവദിച്ച അളവ് | റേറ്റ് | അനുവദനീയമായ അളവ് | അധിക അളവ് | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| 2 | Supplying and stacking 63 mm to 45 mm size stone aggregate | 61.98 m$^3$ (Page No. 33) | 1964.46/m$^3$ | 58.06 m$^3$ | 3.92m$^3$ | 7700.68 |
| 3 | Supplying and stacking stone screening 11.20 mm (Type B) | 13.92 m$^3$ (P.No.33,34) | 2143.39/m$^3$ | 13.04 m$^3$ | 0.88m$^3$ | 1886.18 |
| 4 | Supplying and | 5.97 m$^3$ (P.No.34,35) | 1325.35/m$^3$ | 5.59 m$^3$ | 0.38m$^3$ | 503.63 |

| | | | | | | |
|---|---|---|---|---|---|---|
| | stacking gravel for binding | | | | | |
| 5 | Sub base Course metalling – Laying, spreading & compacting stone aggregate of specified sizes to WBM spn uniform thickness (0.075) | 49.72m$^3$ (P.No. 35) | 619.34/m$^3$ | 46.58 m$^3$ | 3.14m$^3$ | 1944.73 |
| 6 | Supplying and stacking 53mm to 22.4 mm size stone aggregate Grade 3 | 59.84 m$^3$ ( P.No. 36) | 1972.91/m$^3$ | 58.06 m$^3$ | 1.78m$^3$ | 3511.78 |
| 7 | Supplying and stacking stone screening 11.20 mm (Type B) | 12.48 m$^3$ (P.No.36,37) | 2143.39/m$^3$ | 12.11 m$^3$ | 0.37m$^3$ | 793.05 |
| 8 | Supplying and stacking gravel for binding | 5.76 m$^3$ (P.No.37) | 1325.35/m$^3$ | 5.59 m$^3$ | 0.17m$^3$ | 225.31 |
| 9 | Base Course metalling – Laying, spreading & compacting | 48 m$^3$ (P.No.38) | 619.34/m$^3$ | 46.58 m$^3$ | 1.42m$^3$ | 879.46 |

| | | | | | | |
|---|---|---|---|---|---|---|
| | stone aggregate of specified sizes to WBM spn uniform thickness (0.075) | | | | | |
| | | | | | ആകെ | 17444.82 |

ടെണ്ടർ കിഴിവ് – 8.2%

അതായത് -1430.48

അധിക അളവിന് കരാറുകാരന് അധികം നൽകിയ തുക = 17444.82-1430.48 =16014.34

അധിക അളവിന് ഇപ്രകാരം 16014/-രൂപ കരാറുകാരന് നൽകിയത് ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

## 3-7 മഹാത്മാ ഗാന്ധി-ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി-അവലോകനം

തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്തിലെ 2015-16 വർഷത്തിലെ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിശോധിച്ചതിൽ പദ്ധതികൾ പ്രധാനമായും നടത്തിയത് കാർഷിക-ജലസംരക്ഷണ അനുബന്ധ മേഖലകളിലാണ്. 116 പദ്ധതികളിലായി 148.66 ലക്ഷം രൂപയാണ് ഈ വർഷം വേതനം നൽകുന്നതിനായി ചെലവഴിച്ചത്. നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) രജിസ് ട്രേഷൻ, തൊഴിൽ ദിനങ്ങൾ എന്നിവയുടെ വിവരം

| | |
|---|---|
| തൻവർഷം രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 71 |
| ആകെ രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3925 |
| തൊഴിലിന് അപേക്ഷ നൽകിയ കുടുംബങ്ങളുടെ എണ്ണം | 1774 |
| തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 1774 |
| ആകെ പ്രവൃത്തി ദിനങ്ങൾ | 76050 |
| 100 തൊഴിൽ ദിനങ്ങൾ ലഭിച്ചവരുടെ എണ്ണം | 51 |

(2) ഏറ്റെടുത്ത പദ്ധതികളുടെ വിവരങ്ങൾ (2015-16)

| | |
|---|---|
| തൻവർഷം ആവിഷ്കരിച്ച പദ്ധതികളുടെ എണ്ണം | 245 |
| അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 245 |
| തൻവർഷം പൂർത്തിയാക്കിയത് | 245 |
| സ്പിൽ ഓവറായി നടപ്പാക്കിയത് | Nil |
| ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | Nil |
| തൻവർഷം പൂർത്തിയാക്കിയ പദ്ധതികളുടെ ശതമാനം | 100% |

(3) വിവിധ മേഖലകളിലെ പ്രവൃത്തികളുടെ വിശദ വിവരം

| ക്രമ നം. | ഇനവിവരം | പ്രവൃത്തികളുടെ എണ്ണം | ചെലവ് തുക |
|---|---|---|---|
| 1 | ഭൂവികസന പ്രവർത്തനങ്ങൾ | 44 | 3575160 |
| 2 | ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 42 | 2641120 |
| 3 | വെള്ളപ്പൊക്ക നിയന്ത്രണം | 30 | 8650100 |

| | | | |
|---|---|---|---|
| 4 | റോഡ്നിർമ്മാണ പ്രവൃത്തികൾ | 9 | 1268340 |
| 5 | ഐ.എ.വൈ വീട് | 120 | 2363280 |
| | ആകെ | 245 | 18498000 |

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക കണക്കുകളുടെ പരിശോധന - അപാകതകൾ

1. വസ്തു നികുതി-സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കുടിശ്ശിക എ.എഫ്.എസ് പ്രകാരമുള്ള ഡിമാന്റ്, കുടിശ്ശികയുമായി പൊരുത്തപ്പടുന്നില്ല.
2. വാർഷിക ധനകാര്യ പത്രികയിലെ ആസ്തി വിവരങ്ങളിൽ ആസ്തി രജിസ്റ്റർ പ്രകാരമുള്ള എല്ലാ ആസ്തി വിവരങ്ങളും ഉൾപ്പെടുത്തിയിട്ടില്ല.

### 4-2 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 1,00,000 | പാലിയേറ്റീവ് കെയർ | 1,00,000 | - |

### 4-3 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി | ഓഡിറ്റ് വർഷം വരവില്ല | | 84,64,939 | 42,17,938 | - | 42,47,001 |

### 4-6 സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1,16,70,145 |
| തൻ വർഷം നിക്ഷേപിച്ച തുക | - |

| | |
|---|---|
| ആകെ | 1,16,70,145 |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിര നിക്ഷേപം | 1,16,70,145 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| എസ്.ബി.റ്റി | 1,16,70,145 |
| ആകെ | 1,16,70,145 |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 2,206/-രൂപയുടെ വിശദാംശങ്ങൾ താഴ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീതി നം./ തീയതി |
|---|---|---|---|---|
| 2012-13 | 3-14 | 1000 | രാജീവൻ നമ്പൂതിരി | 11501500006/13.05.15 |
| 2013-14 | 3-8 | 1206 | വിനോദ്.വി. | 11501102076/8.02.16 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരളാ ലോക്കൽഫണ്ട് നിയമം 23വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 2010-11 | 1 | 2010-11 | 3-9 | സൈക്കിൾ വിതരണം |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 2,95,08,898 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 4,44,70,704 |
| വരവിനങ്ങളിലുള്ള നഷ്ടം | 18,308 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 16,014 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 5,19,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |

| | | | |
|---|---|---|---|
| 2-1 | 16758/- | | വി.ലതികാ ദേവി,സെക്രട്ടറി |
| 2-2 | 1550/- | | വി.ലതികാ ദേവി,സെക്രട്ടറി |
| 3-6 | | 16014/- | സുഭാഷ് കുമാർ,അസിസ്റ്റന്റ് എഞ്ചിനിയർ |
| ആകെ | 18308/- | 16014/- | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2 | 65000/- | വി.ലതികാ ദേവി,സെക്രട്ടറി |
| 3-3(1&2) | 154000/- | പി.ആർ.സജി, അസിസ്റ്റന്റ് സെക്രട്ടറി |
| 3-4 | 3,00,000/- | ശ്രീകുമാരി അമ്മ.കെ.എസ്, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. |
| ആകെ | 5,19,000/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ഉദ്യോഗസ്ഥൻ |
|---|---|---|
| 3-5 | 2792(ആദായ നികുതി) | സുഭാഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖ. 2-4

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വി.ലതികാ ദേവി, സെക്രട്ടറി | സെക്രട്ടറി, കോടംതുരുത്ത് ഗ്രാമ പഞ്ചായത്ത് | വരദക്ഷിണ, വയലാർ, ചേർത്തല, ആലപ്പുഴ |
| സുഭാഷ് കുമാർ, അസിസ്റ്റന്റ് എഞ്ചിനിയർ | അസിസ്റ്റന്റ് എഞ്ചിനീയർ, തൈക്കാട്ടുശ്ശേരി ഗ്രാമ പഞ്ചായത്ത് | രോഹിണി, കാഞ്ഞിരംചിറ, ആലപ്പുഴ |
| ശ്രീകുമാരി അമ്മ.കെ.എസ്, ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്. | ഹെഡ്മിസ്ട്രസ്, ഗവ.എൽ.പി.എസ്., ഉളവെയ്പ്പ് | ഹരിത, പാണാവള്ളി പി.ഒ, ചേർത്തല |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99(ചെലവ്) | എൽ.എഫ്.ജി.എ5-1832/11തീയതി,19.01.2012 |
| 1999-2000 | എൽ.എഫ്.ജി.എ5-1832/11തീയതി,19.01.2012 |
| 2001-02 | എൽ.എഫ്.ജി.എ5-1832/11തീയതി,19.01.2012 |
| 2002-03 | എൽ.എഫ്.ജി.എ5-1832/11തീയതി,19.01.2012 |
| 2003-04 | എൽ.എഫ്.ജി.എ5-1832/11തീയതി,19.01.2012 |

| | |
|---|---|
| 2004-05 | എൽ.എഫ്.ജി.എ5-1832/11തീയതി,19.01.2012 |
| 2005-06 | എൽ.എഫ്.ജി.എ5-1832/11തീയതി,19.01.2012 |
| 2006-07 | എൽ.എഫ്.ജി.എ5-1577/14തീയതി,08.05.2014 |
| 2007-08 | എൽ.എഫ്.ജി.എ5-1577/14തീയതി,12.05.2014 |
| 2008-09 | എൽ.എഫ്.ജി.എ5-1577/14തീയതി,12.05.2014 |
| 2009-10 | എൽ.എഫ്.ജി.എ5-1577/14തീയതി,12.05.2014 |
| 2010-11<br>2011-12 | എൽ.എഫ്.എ.പി9-709/13തീയതി,17.12.2014 /14.03.14 |
| 2012-13 | എൽ.എഫ്.എ.പി9-20/15തീയതി,12.02.2015 /17.03.15 |
| 2013-14 | എൽ.എഫ്.എ.പി9-1621/15തീയതി 17.12.2015/28.01.16 |
| 2014-15 | കെ.എസ്.എ.എ.എൽ.പി9-841/16തീയതി 30.07.2016/05.08.16 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ആലപ്പുഴ.

## <u>അനുബന്ധം-1</u>

കെ.എസ്.എ-എ.എൽ.പി/പി9-1563/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ.

ഇ-മെയിൽ: ddhglfalpy@gmail.com

ഫോൺ: 0477-2252753,

തീയതി:13.01.2017

<u>ഓഡിറ്റ് സർട്ടിഫിക്കറ്റ്</u>

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, കേരള പഞ്ചായത്ത് രാജ് നിയമത്തിലെ വകുപ്പ് 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിങ്ങ് സ്റ്റാന്റേർഡുകൾ അവലംബിച്ചും ആലപ്പുഴ ജില്ലയിലെ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ഖണ്ഡിക 4-1ൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ തൈക്കാട്ടുശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ആലപ്പുഴ

KSA-ALP/P9-1563/16

Kerala State Audit Department,

District Audit Office, Alappuzha,
Phone: 0477-2252753,
E-mail: ddhglfalpy@gmail.com
Date: 13.01.2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Thycattussery Grama panchayat in Alappuzha district for the year ended on 31.3.2016 in accordance with Section 4 of Kerala Local Fund Audit Act 1994, Section 215 of Kerala Panchayat Raj Act 1994, the rules made there under and the guidelines issued by Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Thycattussery Grama panchayat for the year 2015-16 except the observations in my audit report Para 4-1 properly presents the picture of income and expenditure.

.
.

Deputy Director,
Kerala State Audit Department,
Alappuzha